(സി) ഫൻ ഭ ഫ ജനുവരി അവസാനംവരെ ഭന,ന്നന,ൻന്നഫ രൂപ.
(ഡി) ബഡ്ഡറ്റ്വർഷം ഫൻ ഭ ഫ–ഫൻ ഭന്നൽ.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഇതിന്റെ ചാർജ്ജുവഹിച്ചിരുന്ന ഉദ്യോഗസ്ഥൻ പോകാനുണ്ടായ കാരണമെന്താണു്?

Sri. C. Kesavan: That question does not arise.

ശ്രീ. ഇട്ടീര അമ്പൂക്കൻ: പീച്ചിഅണക്കെട്ടിന്റെ മേൽനോട്ടം മുമ്പു വഹിച്ചിരുന്ന ആൾ തന്നെയാണോ ഇപ്പോഴും വഹിക്കുന്നതു്?

Sri. C. Kesavan: I cannot say that without notice.

ശ്രീ. എ. താണുപിള്ള: പീച്ചി അണക്കെട്ടിന്റെ ചാർജ്ജുവഹിക്കുന്ന എഞ്ചിനീയർ ഇവിടത്തെ ചീഫ് എഞ്ചിനീയരുടെ താഴെയാണോ അതോ independent ആയി ജോലി നോക്കുകയാണോ?

ശ്രീ. സി. കേശവൻ: ചീഫ് എഞ്ചിനീയരുടെ കീഴിലാണു്.

Sri. A. K. George: Has the Hon'ble Minister any idea of the amount of money lapsed this year out of the allotment under the Peechi Irrigation Scheme?

Sri. C. Kesavan: I have so information.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ അണക്കെട്ടുകൊണ്ടു് എത്ര ഏക്കർ ലേജ് ഉപയോഗപ്രദമാക്കുവാൻ സാധിക്കുമെന്നു പറയാമോ?

Sri. C. Kesavan: I have no figures.

നാഷനൽ ഹൈ വേ

* ഭ ന്നെ. (വ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നാഷനൽ ഹൈ വേയെ സംബന്ധിച്ചു് തിരുവിതാംകൂർ–കൊച്ചി ഗവണ്മെന്റു് എന്തെങ്കിലും അഭിപ്രായം കേന്ദ്രഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ബി) അതിന്റെ പണി എന്നത്തേക്കു് തുടങ്ങുമെന്നറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്. മംഗലപ്പുഴ പാലം പണി ചെയ്യുന്നതിനുള്ള ചെലവിനു് അഭ്യർത്ഥിച്ചിട്ടുണ്ടു്. അതുർ പാലം കെട്ടുന്നതിനു് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനെ സംബന്ധിച്ചും ഇൻഡ്യാഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടു്.

(ബി) ഇൻഡ്യാഗവണ്മെന്റിൽനിന്നും മറുപടി ലഭിച്ചിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇൻഡ്യാഗവണ്മെന്റും ഈ ഗവണ്മെന്റും തമ്മിൽ ഈ കാര്യം സംബന്ധിച്ചു് വല്ല എഗ്രിമെന്റും ഉണ്ടോ?

Sri. C. Kesavan: It is under the National Highway and is expected to be maintained by the Government of India.

ശ്രീ. എ. താണുപിള്ള: റോഡു് അതായ സ്ഥലങ്ങളിൽ വീതി കൂട്ടുന്നതു് ആരുടെ ചെലവിലാണു്?

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവണ്മെന്റിന്റെ ചെലവാണു്.

ശ്രീ. എ. താണുപിള്ള: അതിനെ സംബന്ധിച്ചു് ഈ ഗവണ്മെന്റിനു ചെലവൊന്നും ഇല്ലേ?

ശ്രീ. സി. കേശവൻ: മെയിൻറനൻസിന്റെ ചെലവുമാത്രം ഈ ഗവണ്മെന്റിനുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. P. K. Dewar: What is the amount that has been allotted for the maintenance?

Sri. C. Kesavan: It is included in the Budget. Rs. 3,000 per mile is allotted.

ശ്രീ. ആർ. ശങ്കർ: ഇതു് ഏതു വഷ്ത്തിൽ അനുവദിച്ചു?

ശ്രീ. സി. കേശവൻ: ഈ നടപ്പുവഷ്ത്തിൽ തന്നെ.

Sri. P. K. Dewar: Will the Government be expected to spend the allotment for this year for maintenance?

Sri. C. Kesavan: Yes.

സറണ്ടർ സ്കൂളുകൾ

* 8 വ്യ. ഠ. (൯) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

സറണ്ടർ ചെയ്തിട്ടുള്ള സ്കൂളുകൾ ഗവൺമെണ്ടു് എടുത്തു കഴിഞ്ഞാൽ പിന്നിട് ആ സ്കൂളിൻെറ അറ്റകുറ്റപ്പണികൾ സറണ്ടർ ചെയ്തവരൊ അദ്ധ്യാപകരൊ നിർവ്വഹിക്കണമെന്നു ഗവൺമെണ്ടു നിർദ്ദേശിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): സ്കൂൾ സറണ്ടർ ചെയ്യാൻ അലോചിക്കുമ്പോൾ, അപ്പോൾ ആവശ്യമുള്ള അറ്റകുറ്റപ്പണികളെല്ലാം അവർതന്നെ നടത്തണമെന്നാണു് ചട്ടം. അതുകഴിഞ്ഞാണു് സറണ്ടർ അംഗീകരിക്കുന്നതു്. എന്തെങ്കിലും അറ്റകുറ്റപ്പണി ഉണ്ടെങ്കിൽ അതുകൂടെ ചെയ്യുന്നതിനുശേഷം മാത്രമേ സറണ്ടർ പൂർണ്ണമായി അംഗീകരിക്കുന്നുള്ളൂ. സറണ്ടർ ചെയ്തുകഴിഞ്ഞാൽ പിന്നെയുള്ള അറ്റകുറ്റപ്പണികളെല്ലാം ഗവൺമെണ്ടുതന്നെയാണു ചെയ്യുന്നതു്.

ശ്രീമതി ദേവകീഗോപിദാസു്: ഇതു് ഏതുതരം സ്കൂളിനെ സംബന്ധിച്ചാണു്. കമ്പൽസറി എറിയായിലുള്ള സ്കൂളുകളെ സംബന്ധിച്ചാണോ അതോ മറ്റുള്ള സ്കൂളുകളെ സംബന്ധിച്ചാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് പൊതുവേയുള്ള ഒരു കാര്യം ആണു്.

ശ്രീമതി ദേവകീഗോപിദാസു്: സറണ്ടർ ചെയ്തിട്ടുള്ള സ്കൂളുകൾ തിരിയെ കൊടുത്താൽ കൊള്ളാമെന്നു് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നല്ല നിശ്ചയമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സറണ്ടർ സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ഗവൺമെണ്ടു സ്കൂളുകളിൽ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് വേറെ ചോദ്യം ഉണ്ടു്. അപ്പോൾ പറയാം.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: കഴിഞ്ഞ സ്കൂൾ വഷ്ത്തിൽ എത്ര സ്കൂളുകൾ സറണ്ടർ ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

தேவாரஞ்ச் சானல் நெற்கிருஷி.

581 [10] ஸ்ரீ. ஸ்ரீ. வி. தாஸ்: கீழ் கண்ட வினாக்களுக்கு கனம் விவசாய வகுப்பு மந்திரி விடை பகர்வார்களாக:

(a) தேவாரஞ்ச் சானலில் எத்தனை ஏக்கர் நெற்பயிர் உண்டு?

LIBRARY ARCHIVES Kerala Legislative Assembly